



# കൊല്ലത്ത് ശ്രദ്ധേയമാകുന്ന കുടുംബശ്രീ- തൊഴിലുറപ്പ് പദ്ധതി സംയോജനം - 2

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് കൊല്ലം ജില്ലയിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളിലൊന്നിനെക്കുറിച്ച് ഇന്നലെ ഞാൻ എഴുതിയിരുന്നുവല്ലോ. ജില്ലയിലെ കുടുംബശ്രീ അംഗങ്ങൾക്ക് വരുമാനമാർഗ്ഗമൊരുക്കി നൽകുന്നതിൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന മറ്റൊരു പ്രധാനപ്പെട്ട പ്രവർത്തനത്തെ ഇന്ന് പരിചയപ്പെടുത്താം.

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ (സിഐബി), കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കമ്പോസ്റ്റ് പിറ്റ്, സോക് പിറ്റ്, ഗ്രാമീണ റോഡ് നിർമ്മാണം തുടങ്ങി നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നിർമ്മാണ പരിശീലനം ലഭിച്ച കുടുംബശ്രീ അംഗങ്ങളെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള ഈ നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിച്ച് അവർക്ക് സ്കിൽഡ്, സെമി സ്കിൽഡ് തൊഴിലുകൾ ചെയ്യുന്ന വേതനം ലഭ്യമാക്കുന്ന പ്രവർത്തനമാണ് കൊല്ലം ജില്ലയിൽ നടപ്പിലാക്കി വരുന്നത്.

വീടുകളും മറ്റും നിർമ്മിക്കുന്നതിന് പരിശീലനം ലഭിച്ചതും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകളുൾപ്പെടെയുള്ളവയുടെ നിർമ്മാണം നടത്തുന്നതിന് പരിശീലനം നേടിയതുമായ നിർമ്മാണ ഗ്രൂപ്പുകളെ ഉപയോഗിച്ച് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ സ്കിൽഡ്, സെമി സ്കിൽഡ് ജോലികൾ ചെയ്യിപ്പിക്കുന്ന പ്രവർത്തനം 2019 ജൂലൈ മാസത്തിൽ ചടയമംഗലം ബ്ലോക്കിലെ വെളിനെല്ലൂർ പഞ്ചായത്തിലാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയത്. കുടുംബശ്രീയിൽ നിന്ന് പരിശീലനം നേടിയവരെ പഞ്ചായത്തിലെ തൊഴിലുറപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യിക്കാമെന്ന തീരുമാനം പഞ്ചായത്ത് ഭരണസമിതി കൈക്കൊള്ളുകയായിരുന്നു. പഞ്ചായത്തിലെ

17 വാർഡുകളിലെ ഓരോ വാർഡിൽ നിന്നും തൊഴിലുറപ്പ് ജോലി ചെയ്തുവന്ന കുറഞ്ഞത് രണ്ട് പേരെ വീതം തെരഞ്ഞെടുക്കുകയും കുടുംബശ്രീ എംപാനൽ ചെയ്ത പരിശീലന ഏജൻസിയായ ഏക്സാഥ് (EKSAT) മുഖേന പരിശീലനം നൽകുകയും ചെയ്തു. ആകെ 35 പേരാണ് ഇത്തരത്തിൽ പരിശീലനം നേടിയത്. ഇവർക്ക് വിവിധ തൊഴിലുറപ്പ് നിർമ്മാണ ജോലികൾ വീതിച്ച് നൽകി. ഈ പ്രവർത്തനത്തിന്റെ വിജയത്തെത്തുടർന്ന് ബ്ലോക്കിലെ മറ്റ് പഞ്ചായത്തുകളിലേക്കും ഈ സംയോജന പ്രവർത്തനം വ്യാപിപ്പിച്ചു. പിന്നീട് ജില്ലയിലെ മറ്റ് എല്ലാ പഞ്ചായത്തുകളിലും ഈ സംയോജന പ്രവർത്തനം സാധ്യമാക്കുന്നതിനായി യൂണിറ്റുകളെ സജ്ജമാക്കി. നിലവിൽ 34 നിർമ്മാണ സംഘങ്ങളും സിഐബി ഉൾപ്പെടെ തൊഴിലുറപ്പ് ജോലികൾ ചെയ്യുന്നതിന് പരിശീലനം നേടിയ 22 ഗ്രൂപ്പുകളും ജില്ലയിലുണ്ട്. ആകെ 342 പേർ ഈ ഗ്രൂപ്പുകളിൽ അംഗങ്ങളാണ്.

തൊഴിലുറപ്പ് ദിവസക്കൂലിയായി 271 രൂപ ലഭിക്കുന്നിടത്ത് പദ്ധതിയുടെ സ്കിൽഡ്, സെമി സ്കിൽഡ് ജോലിക്ക് 700 രൂപ മുതൽ 1000 രൂപ വരെ തുക ദിവസക്കൂലിയായി ലഭിക്കും. ഈ പ്രവർത്തനങ്ങളിലൂടെ 2019-20 സാമ്പത്തിക വർഷം 5.5 കോടി രൂപയുടെ ജോലി ചെയ്തതിൽ 2.2 കോടി രൂപ കുടുംബശ്രീ അംഗങ്ങൾക്ക് സ്കിൽഡ്, സെമി സ്കിൽഡ് വേതനമായി ലഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഇതുവരെ 3.35 കോടി രൂപയുടെ ജോലി ചെയ്തതിൽ 1.32 കോടി രൂപയും കൂലിയായി ലഭിച്ചു. 2020-21 സാമ്പത്തിക വർഷം 10,250 സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകളാണ് കുടുംബശ്രീ യൂണിറ്റുകൾ തയാറാക്കി നൽകിയത്. ഒരു ബോർഡിന് 3000 രൂപയാണ് നിർമ്മാണ സംഘങ്ങൾക്ക് ലഭിക്കുക. സിറ്റിസൺ ഇൻഫൊ ബോർഡുകൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സ്റ്റാർട്ടപ്പ് ഫണ്ടും കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ടും ഉൾപ്പെടെയുള്ള സഹായങ്ങളും കുടുംബശ്രീ നൽകുന്നു.

ഈ വർഷം 68 ഗ്രാമീണ സിഡിഎസുകളിലും ഈ സംയോജനം സാധ്യമാക്കാനാണ് ജില്ല ലക്ഷ്യമിടുന്നത്. ഇവർക്ക് കിണർ റീച്ചാർജ്ജ് പരിശീലനവും കൂടി നൽകാനും ജില്ലാ ടീം തയാറെടുക്കുന്നു.

ഇന്നലത്തെ ലേഖനത്തിൽ സൂചിപ്പിച്ചത് പോലെ തൊഴിലുറപ്പ് പ്രവർത്തനങ്ങളിൽ നിർമ്മാണ സാമഗ്രികൾ എത്തിച്ച് നൽകുന്ന വെൻഡറായി അതാത് കുടുംബശ്രീ സിഡിഎസുകൾ പ്രവർത്തിക്കുകയും ഓരോ നിർമ്മാണ പ്രവർത്തനങ്ങളുടെയും സ്കിൽഡ്- സെമി സ്കിൽഡ് ജോലികൾ പരിശീലനം നേടിയ കുടുംബശ്രീ നിർമ്മാണ സംഘങ്ങൾ ചെയ്യുകയും അവിദഗ്ധ ജോലികൾ അയൽക്കൂട്ടാംഗങ്ങൾ ചെയ്യുകയും ചെയ്യുന്നതോടെ തൊഴിലുറപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെല്ലാം തന്നെ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ഒരു വലിയ സാധ്യതയാണ് ജില്ലയിൽ പ്രാവർത്തികമാക്കിയത്. ഇത്തരത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ അയൽക്കൂട്ടാംഗങ്ങൾക്ക് മികച്ച വരുമാനം ഉറപ്പാക്കാനായി നടപടികൾ കൈക്കൊണ്ട ജില്ലാ ടീമിന് എല്ലാവിധ അഭിനന്ദനങ്ങളും ഒരിക്കൽക്കൂടി നേരട്ടെ.